പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4230

28.06.2012-ലെ
മറുപടിക്ക്.

## സ്കൂളുകളിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ.റഹീം | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂളുകളിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ നടപടികൾ ഏതുവരെയെത്തി എന്ന് വിശദമാക്കുമോ; | (എ) & (ബി)<br><br>അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം എൽ.പി. വിഭാഗത്തിൽ 1:30 ആയും യു.പി. വിഭാഗത്തിൽ 1:35 ആയും നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത് നടപ്പിലാക്കുന്നതിനായി കുട്ടികളുടെ എണ്ണം കൃത്യമായി കണക്കാക്കുന്നതിന് കുട്ടികളുടെ യു.ഐ.ഡി. പ്രകാരമുള്ള കണക്ക് എടുത്തു വരുന്നു. യു.ഐ.ഡി. പ്രകാരമുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഈ വർഷം തന്നെ പുതിയ അനുപാതം നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) 150-ന് മുകളിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ഒരു അദ്ധ്യാപകന്റെ | (സി) 150 ന് മുകളിൽ കുട്ടികളുള്ള എൽ.പി. സ്കൂളുകളിൽ |

| | | | |
|---|---|---|---|
| | അധിക തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | | ഹെഡ്മാസ്റ്ററെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കികൊണ്ട് ഉത്തരവായിട്ടുണ്ട്. അതിന്റെ ഫലമായി ഇത്തരം സ്കൂളുകളിൽ ഓരോ അദ്ധ്യാപകന്റെ തസ്തിക സൃഷ്ടിക്കാൻ കഴിയുന്നതാണ്. |
| (ഡി) | ഉണ്ടെങ്കിൽ കോഴിക്കോട് ജില്ലയിലെ സർക്കാർ എൽ.പി. സ്കൂളുകളിൽ ഇത്തരത്തിലുള്ള എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിക്കപ്പെടുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | ഘടനാമാറ്റം പൂർത്തിയായതിനു ശേഷമേ യഥാർത്ഥത്തിലുള്ള കണക്ക് വ്യക്തമാവുകയുള്ളു. |
| (ഇ) | ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഇ) | തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ